മലബാറിലെ ആയുർവ്വേദ പരീക്ഷാ ബിരുദങ്ങൾ.

* 1650 [20] ശ്രീമതി ശാരദാകുട്ടിയമ്മൻ: * താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ ആയുർവ്വേദ ബിരുദങ്ങൾക്ക് ശരിയായ അംഗീകാരം നൽകാതെയുണ്ടോ; ഉണ്ടെങ്കിൽ അങ്ങനെയുള്ള ബിരുദധാരികൾക്ക് ഗവണ്മെൻറ സർവ്വീസിൽ പ്രവേശിക്കാൻ സാധിക്കുന്നില്ലെന്ന ഗവണ്മെൻറ അറിയുമോ;

(ബി) ഇങ്ങനെയുള്ള അവശത പ്രസിദ്ധപ്പെട്ട കോട്ടയ്ക്കൽ, ഷൊർണ്ണൂർ, കണ്ണൂർ മുതലായ ആയുർവ്വേദ സ്ഥാപനങ്ങളിലെ ബിരുദധാരികൾക്ക് ഉണ്ടെന്നും അവരെ ഗവണ്മെൻറ സർവ്വീസിൽ എടുക്കുന്നില്ലെന്നും ഉള്ളത് ശരിയാണോ;

(സി) ആ ബിരുദധാരികൾക്ക് സ്വകാര്യമായി മരുന്നു കൈകാര്യം ചെയ്യുവാനും, പ്രാക്ടീസ് ചെയ്യുവാനും മാത്രമേ സാധിക്കുന്നുള്ളുവെന്നുള്ളത് ഗവണ്മെൻറിനറിയാമോ;

(ഡി) അവരെയും ഗവണ്മെൻറ സർവ്വീസിൽ എടുക്കുവാൻ പ്രസ്തുത ബിരുദങ്ങൾക്ക് വേണ്ടപ്പെട്ട അംഗീകാരം നൽകുവാൻ ഗവണ്മെൻറിന് ഉദ്ദേശമുണ്ടാകുമോ?

ആരോഗ്യവകുപ്പുമന്ത്രി (ഡാക്ടർ എ. ആർ. മേനോൻ):

(എ) ഇല്ല. മലബാറിലെ ആയുർവൈദ്യ ഡിപ്ലോമ ആയുർവ്വേദാചാര്യ വൈദ്യശിരോമണി മുതലായവ ആയുർവ്വേദ ബിരുദങ്ങളായി അംഗീകരിച്ചിട്ടുണ്ട്.

(ബി, സി, ഡി) ചോദ്യം ഉദിക്കുന്നില്ല.

പുതിയതായി പ്രൈമറി സ്കൂളുകൾ തുറക്കുന്നതു സംബന്ധിച്ച തീരുമാനം.

* 1651. [21] ശ്രീ. എം. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1959-60 വർഷത്തിൽ പുതുതായി പ്രൈമറി സ്കൂളുകൾ തുറക്കുന്നതുസംബന്ധിച്ച് ഗവണ്മെൻറ് അവസാനമായി തീരുമാനിച്ചുകഴിഞ്ഞുവോ;

(ബി) ഉണ്ടെങ്കിൽ ആ തീരുമാനം എന്താണ്;

(സി) ബാലുശ്ശേരി ഫർക്കയിൽപ്പെട്ട "തലയാട്" ഒരു മോഡൽ പ്രൈമറിസ്കൂളിന് അനുവാദത്തിന്നപേക്ഷിച്ചുകൊണ്ട് വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടിയെടുത്തു?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ജോസഫ് മുണ്ടശ്ശേരി):

(എ, ബി) 1959-60 വർഷത്തിൽ പുതുതായി സ്കൂളുകൾ തുറക്കുന്നതല്ലെന്നു വച്ചിട്ടുള്ള തീരുമാനം ഇതുവരെ ഭേദപ്പെടുത്തിയിട്ടില്ല. 1958-59ൽ അനുവദിക്കാം കൊടുത്തിട്ടുള്ളതും എന്നാൽ ആ അനുവാദപ്രകാരം സ്കൂൾ തുറക്കാൻ സാധിക്കാതെ വന്നിട്ടുള്ളതുമായ സ്ഥലങ്ങളിൽ ഈ വർഷം സ്കൂൾ തുറക്കുന്ന കാര്യം ഗവണ്മെൻറ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

(സി) ഇതിൻറ വിവരങ്ങൾ ശേഖരിച്ചുവരുന്നതേയുള്ളു.

ശ്രീ. എം. നാരായണക്കുറുപ്പ്: ബഹുമാനപ്പെട്ട മന്ത്രിതന്നെ വളരെ അത്യാവശ്യമായിട്ടുള്ള ചിലകേസുകളിൽ എലിമെൻററി സ്കൂളുകൾ അനുവദിക്കുന്ന കാര്യത്തെപ്പറ്റി പരിശോധിക്കാം എന്നു പറഞ്ഞു. ഒരു മലയോരപ്രദേശമായ തലയാട് ഈ ഗവണ്മെൻറിൻറെ എല്ലാ നിബന്ധനകളും അനുസരിക്കാൻ തയ്യാറുള്ള ഒരു എഡ്യൂക്കേഷൻ സൊസൈറ്റി അവിടെയുള്ളതുകൊണ്ട് അവിടെ ഒരു സ്കൂൾ അനുവദിക്കുന്നതിനെപ്പറ്റി പരിശോധിക്കുമോ.

* The question was put by Smt. Leela Damodara Menon.

LIBRARY ARCHIVES Kerala Legislative Assembly